

DETROIT MALAYALEE ASSOCIATION

www.dmausa.org

# DHWANI

# ധ്വനി

Vol. 09 | Issue -03 | October-December 2016


11
Stroke of Luck
DEVIKA RAJESH

4
ബിരിയാണി
സന്ദീപ് പാലയ്ക്കൽ

15
ഇനി എന്തു വേണം, പക്ഷേ
സാജൻ ഇലഞ്ഞിക്കൽ

9
Man's Land
Moideen Moidunny

37
മീൻകാരൻ ബാപ്പ
അബ്ദുൾ പുന്നയൂർക്കുളം

13
ബാല്യമില്ലാത്ത ബാലകർ
ജോർജ് വൻനിലം

43
A Year Full of Giving!
Rajesh Kutty

10
The Role of the President in American Politics
George Paul


OUR TITLE SPONSOR

INDUS FINANCIAL LLC

#1 RE/MAX

RE/MAX® CLASSIC BLOOMFIELD HILLS



**KOSHY GEORGE**
REALTOR®

36700 WOODWARD AVE, #100
BLOOMFIELD HILLS, MI 48304-0929
OFFICE: 248-646-5000/800-521-3021
Cell:586-524-8021,FAX:248-283-2810
KoshyGeorge@remax.net
WWW.KoshyGeorge.com

**Full Time Real Estate Services**
**Residential & Commercial**

RE/MAX DIAMOND AWARD

RE/MAX Platinum Club Award

RE/MAX HALL OF FAME

HOUR MEDIA Real Estate All Star

REALTOR® MULTIPLE LISTING SERVICE MLS®

**CHIEF EDITOR**
James Kureekkattil
kureekkattil@gmail.com
Ph: 248 837 0402

**EDITORIAL BOARD**
*Executive Editor* - Thomas Karthanal
*Literary Editor* - Shalini Jayaprakash
*Content Editor* - Vinod Kondoor
*Associate Editor*- Akash Abraham
*Online Editor* - Noble Thomas

**DMA OFFICE BEARERS 2016**
*President* - Saijan Kaniyodikal
*Vice President* - Gigi Paul
*General Secretary* - Noble Thomas
*Joint Secretary* - Shalini Jayaprakash
*Treasurer* - Prince Abraham
*Joint Treasurer* - Surya Gireesh

**DMA BOARD OF TRUSTEES**
*Chairman* - Mathew Cheruvil
*Vice Chairman* - Paul P Kuriakose
*Secretary* - Mohan Panangavil
*Ex Officio* - Rojan Thomas
*DMA President* - Saijan Kaniyodikal



The cover page photo courtesy: **DIVYA DAS**, an amateur enthusiast photographer obsessed with textures, colors, wildlife, landscape, and fine art photography. To see more of her photographs and to place an order please visit her FB page: Passion Vision Photography.

25
**നേതൃ വീഥിയിലൂടെ**
**ഒരു തിരനോട്ടം**
വിനോദ് കൊണ്ടൂർ ഡേവിഡ്



# content



President's Message - *Saijan Kaniyodikal.* ............ 2
എഡിറ്റോറിയൽ ............ 3
ബിരിയാണി ............ 4
സന്ദീപ് പാലയ്ക്കൽ
Man's Land. ............ 9
*Moideen Moidunny*
The Role of the President in
American Politics. ............ 10
*George Paul*
Stroke of Luck. ............ 11
*Devika Rajesh*
ബാല്യമില്ലാത്ത ബാലകർ, നിശ്ചേതനം ............ 13 & 24
*ജോർജ് വൻനിലം*
അനിവാര്യ ചിന്തനം ............ 13
*തോമസ് വി.റ്റി.*
ഇനി എന്തു വേണം, പക്ഷേ ............ 15
*സാജൻ ഇലഞ്ഞിക്കൽ*
Onavillu 2016 - DMA Onam Celebration. ............ 18
*Sunil Paingol*
നികുതി കൊടുക്കാൻ മടിക്കുന്ന മലയാളിയോട്
കേരളത്തിന്റെ ചരിത്രം പറയുന്നത്!!! ....... 23
*ഹസീന*
ശാസ്ത്രമോ മതമോ ............ 27
*ജിതിൻ ഗീരീഷ്*
കീറ്റു ശീലയിലെ ശാലോം പുത്രന് ............ 29
*മാത്യു ജോയിസ്*
DMA's Journey for the Year 2016. ............ 31
*Noble Thomas*
DMA Starshow Mollywood Jollywood. ........ 34
മീൻകാരൻ ബാപ്പ ............ 37
*അബ്ദുൾ പുന്നയൂർക്കുളം*
ഹോർമോണും, ആന്റി ബയോട്ടിക്കും
പിന്നെ കോഴിയും ............ 39
*ഷിംജിത്ത് കുമാർ*
എനിക്കുമുണ്ടൊരാൾ ............ 41
*ഡോ. ഇന്ദുലാൽ ജി.*
A Year Full of Giving!. ............ 43
*Rajesh Kutty*
രാജ്യദ്രോഹി ............ 47
*ടി.എൻ ബിജു*
Five No Cook Overnight Breakfast for Busy Mornings!.50
*Elizabeth Paul*
Bye bye boobie party;
രോഗങ്ങളെ നേരിടാനൊരാഘോഷം ............ 51
അത്തി മരത്തിന് ക്രിസ്തുവിനോട് പറയാനുള്ളത്. ............ 56
*ജയിംസ് കുരീക്കാട്ടിൽ*





## President's Message

# ശുഭപ്രതീക്ഷകളോടെ...

ഒരു വർഷം കൂടി കാലയവനികയ്ക്കുള്ളിലേക്ക് മറഞ്ഞുപോവുകയാണ്. പകരം മറ്റൊരു വർഷം ഏറെ പ്രതീക്ഷകളോടെ കടന്ന് വരുന്നു. പ്രകൃതിയിലെ മരങ്ങളാകട്ടെ സ്വയം ഇലകൾ പൊഴിച്ച് പുതുവർഷത്തെ പുതുമയോടെ വരവേൽക്കുവാനായി തയ്യാറെടുത്ത് കഴിഞ്ഞിരിക്കുന്നു. മിഷിഗണിലെ മലയാളികളുടെ കലാസാംസ്കാരിക വളർച്ചയ്ക്കും, ഉന്നമനത്തിനുമായി ജന്മമെടുത്ത ഡിട്രോയിറ്റ് മലയാളി അസ്സോസിയേഷൻ എന്ന മഹാപ്രസ്ഥാനം 36 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. ഇക്കഴിഞ്ഞ 36 വർഷക്കാലവും മിഷിഗണിലെ മലയാളികളുടെ കൂട്ടായ്മയ്ക്ക് നേതൃത്വം കൊടുത്തുക്കൊണ്ടിരിക്കുന്ന ഡി.എം.എ യുടെ പോയവർഷത്തെ പ്രസിഡന്റായി സേവനം ചെയ്യുവാൻ സാധിച്ചു എന്നതിൽ ഞാൻ അഭിമാനിക്കുന്നു.

ഓരോ വർഷം കഴിയുന്തോറും ഡി.എം.എ അതിന്റെ പ്രവർത്തനമേഖല വലുതാക്കിക്കൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ വർഷം വളരെയേറെ മുന്നോട്ട് പോകുവാൻ ഞങ്ങൾക്കു സാധിച്ചു എന്നതിൽ ഏറെ സന്തോഷവുമുണ്ട്. ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഏറെ ഊന്നൽ നൽകികൊണ്ട് കടന്നുപോയ ഒരു വർഷമായിരുന്നു ഇത്. ഇൻഡ്യയിലും അമേരിക്കയിലും മറ്റും പതിവായി ചെയ്തുകൊണ്ടിരിക്കുന്ന ചികിത്സകൾക്കും, വിദ്യാഭ്യാസത്തിനുമായിട്ടുള്ള സാമ്പത്തീക സഹായങ്ങൾ കൂടാതെ 6 സൂപ്പ് കിച്ചൺ പ്രോഗ്രാമുകൾ, 5 മൈൽ ദൂരം റോഡ് ക്ലീനിംഗ് ഏറ്റെടുത്ത് കൊണ്ടുള്ള Adopt a road, ഈ വർഷം തുടങ്ങിവച്ചിരിക്കുന്ന Habitat for Humanity യുമായി കൈകോർത്തുകൊണ്ട് പാവപ്പെട്ടവർക്കുവേണ്ടിയുള്ള വീടു നിർമ്മാണം. ഗാന്ധിജയന്തിയോടനുബന്ധിച്ച് രണ്ടു ദിവസത്തെ സേവനദിനമാചരിക്കൽ, കേരളത്തിൽ കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയുമായി സഹകരിച്ച് ഓണാഘോഷത്തോടനുബന്ധിച്ച് പാവപ്പെട്ടവർക്ക് ഓണകിറ്റ് വിതരണം ചെയ്യൽ തുടങ്ങിയ ചാരിറ്റി പ്രവർത്തനങ്ങൾ ഏതാനും ചിലത് മാത്രമാണ്.

ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ ഈ വർഷം തുടങ്ങിവച്ച മറ്റൊരു പദ്ധതിയാണ് DS4CS. ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് വിവിധ ഷോപ്പിംങ്ങുകളിൽ നിന്ന് നല്ലൊരു തുക ലാഭിക്കുവാൻ സാധിക്കും. കൂടാതെ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധ നേടിയ ഓണവില്ല് 2016, Jollywood, Mollywood എന്ന പ്രോഗ്രാമുകൾ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് പത്തരമാറ്റ് തിളക്കം നൽകുന്നു. ധ്വനി ഒരു പടി കൂടി കടന്ന് ഒരു ഓൺലൈൻ മാഗസിൻ ആയിരിക്കുന്നു. ഡി.എം.എ യുടെ ഈ പ്രവർത്തനങ്ങൾക്കെല്ലാം ഊർജ്ജം പകർന്നത് നിങ്ങളോരോരുത്തരുടേയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഒന്നുകൊണ്ട് മാത്രമാണ്. എല്ലാവർക്കും ഹൃദയപൂർവ്വം നന്ദിയുടെ പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു.

എളിമയുടെ തമ്പുരാനായ ശ്രീ യേശുദേവന്റെ പിറവിത്തിരുന്നാൾ ആഘോഷിച്ച് പുതുവർഷത്തിലേയ്ക്ക് കാലെടുത്തു വയ്ക്കുവാൻ തയ്യാറെടുത്തു നിൽക്കുന്ന നമുക്ക് എളിമയുടെ ബാലപാഠങ്ങൾ ഉൾക്കൊള്ളാം. കാരണം ജീവിതം ക്ഷണഭംഗുരമാണ്. ഇവിടെ ഒന്നും ശാശ്വതമല്ല, ഓരോ പുലരിയും നമ്മെ ഓർമ്മിപ്പിക്കുന്നത് അതാണ്. പഴയത് അസ്തമിയ്ക്കുന്നു. പുതിയത് ഉദിക്കുന്നു. ജനനത്തിനും മരണത്തിനും ഇടയിലുള്ള ജീവിതം സുന്ദരമാക്കുക. കാലത്തിന്റെ ജനലഴികളിലൂടെ ഉഷസ്സിന്റെ സൗന്ദര്യം നുകരാം. പകലുകൾ മനോഹരങ്ങളാണെന്ന് മനസ്സിലാക്കാം, ജീവിതയാത്ര സഫലമാക്കാം. ശുഭ പ്രതീക്ഷകളോടെ 2017 നെ വരവേൽക്കാം....

എല്ലാവർക്കും ക്രിസ്തുമസ്സ് നവവത്സരാശംസകൾ!!!

നിങ്ങളുടെ സ്വന്തം
**സൈജൻ കണിയോടിക്കൽ**






# നമ്മുടെ ആഘോഷങ്ങളുടെ നമ്മുടെ ക്രിസ്മസ്

നമ്മുടെ സാമൂഹ്യജീവിതത്തിൽ ആഘോഷങ്ങൾക്ക് സുപ്രധാനമായ പങ്കാണുള്ളത്. വ്യക്തികളെ അവരുടെ സ്വകാര്യ ജീവിതത്തിന്റെ തുരുത്തുകളിൽ നിന്നും സമൂഹമദ്ധ്യത്തിൽ എത്തിക്കുന്നതും സഹജീവികളുമായി ആഹ്ലാദം പങ്കുവയ്ക്കാൻ ഇടയാക്കുന്നതും ആഘോഷങ്ങളാണ്. ലോകമെങ്ങും ക്രിസ്മസ്സ് ആഘോഷിക്കാൻ തയാറെടുത്തു കൊണ്ടിരിക്കുകയാണ്. ലോക വിപണി ക്രിസ്സ്മസ്സ് ആഘോഷിക്കാൻ നേരെത്തെ തന്നെ തയ്യാറായി കഴിഞ്ഞു. ഇനി നമ്മളാണ് ഒരുങ്ങേണ്ടത്. ക്രിസ്മസ്സ് ആഘോഷം വെറും ആചാരങ്ങളുടെയും പ്രാർത്ഥനാ ചടങ്ങുകളുടെയും ആവർത്തനമായി മാറരുത്. പാർട്ടികളും സത്കാരങ്ങളുമായി ചുരുങ്ങരുത്. ക്രിസ്തുവിന്റെ ജനനം ആഘോഷിക്കുമ്പോൾ ക്രിസ്തു പഠിപ്പിച്ച പാഠങ്ങൾ നമ്മുടെ ജീവിതത്തിൽ എത്രമാത്രം ഉണ്ടെന്നുള്ള ആത്മപരിശോധനയ്ക്കും ജീവിതനവീകരണത്തിനുമുള്ള വേള കൂടിയാവണം.

സ്നേഹവും ക്ഷമയും കരുണയുമാണ് ക്രിസ്തുവിന്റെ ജീവിതം നമുക്ക് നൽകിയ പാഠങ്ങൾ. നിന്നെ സ്നേഹിക്കുന്നവരെ മാത്രം നീ തിരിച്ചു സ്നേഹിക്കുന്നതിൽ എന്ത് നന്മയാണുള്ളത്? അതുകൊണ്ട്, നീ നിന്റെ ശത്രുവിനെ സ്നേഹിക്കുക എന്നാണു ക്രിസ്തു പറഞ്ഞത്. തന്നെ കുരിശിൽ തറച്ചവരോട് ക്ഷമിച്ച ക്രിസ്തു ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല, ഇവരോട് ക്ഷമിക്കേണമേ എന്നാണ് പ്രാർത്ഥിച്ചത്. മറ്റുള്ളവരിൽ കുറ്റങ്ങളും കുറവുകളും കണ്ടെത്താൻ വ്യഗ്രത കാണിക്കുന്നവരോട്, നീ നിന്റെ കണ്ണിലെ തടിക്കഷണം എടുത്ത് മാറ്റിയിട്ട് മറ്റുള്ളവരുടെ കണ്ണിലെ കരട് എടുക്കാൻ ചെല്ലാൻ ആണ് ആവശ്യപ്പെട്ടത്. തെറ്റ് ചെയ്തവളെ കല്ലെറിയാൻ വന്ന ഒരു സമൂഹത്തിന്റെ കപട സദാചാര ബോധത്തോട്, നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്നാണ് കോപിച്ചത്. കുറെ പ്രാർത്ഥനകളുടെ ആവർത്തനവും ബലിയുമാണ് ഏറ്റവും പ്രധാനമെന്ന് കരുതുകയും, മുറ പോലെ ബലിയർപ്പിച്ചാൽ നേരിട്ട് സ്വർഗ്ഗത്തിലെത്തുമെന്നും വിശ്വസിച്ചിരുന്ന ഒരു ജനതയോട്, ബലിയല്ല, കരുണയാണ് വേണ്ടതെന്നാണ് ക്രിസ്തു ആവശ്യപ്പെട്ടത്. സഹജീവികളോടുള്ള സ്നേഹവും ക്ഷമയും കരുണയുമാണ് നമ്മുടെ ക്രിസ്സ്മസ്സ് ആഘോഷങ്ങളെ അർത്ഥപൂർണമാക്കുന്നത്. സ്നേഹവും കരുണയും നന്മയും നിറഞ്ഞ ഒരു ക്രിസ്സ്മസ്സ് എല്ലാവർക്കും നേരുന്നു.

കഴിഞ്ഞ അഞ്ചു വർഷകാലം ധ്വനിയുടെ ചീഫ് എഡിറ്റർ ആയി പ്രവർത്തിക്കാൻ എനിക്ക് അവസരം നൽകിയ എന്റെ ഡി.എം.എ യിലെ സഹപ്രവർത്തകർക്ക് നന്ദി പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. അതോടൊപ്പം ധ്വനിയുടെ വളർച്ചയിൽ എന്നോടൊപ്പം പ്രവർത്തിച്ച എല്ലാ സഹപത്രാധിപർക്കും എന്റെ അനുമോദനങ്ങൾ.

ആദരവോടെ

ജയിംസ് കുരീക്കാട്ടിൽ
ചീഫ് എഡിറ്റർ







# ബിരിയാണി

സന്ദീപ് പാലയ്ക്കൽ

ആരോ ആ കർട്ടൻ മാറ്റിയത്. നല്ല ഉറക്കമായിരുന്നു. ശല്യം ചെയ്യാൻ ആരോ വന്നിട്ടുണ്ട്. വെയിൽ മുഖത്തടിച്ചാൽ ഉറങ്ങാൻ പറ്റില്ല. കണ്ണ് ഇറുക്കെ പിടിച്ചിരുന്നാലും ഉറക്കം പോയാൽ പിന്നെ ഒരു നിമിഷം പോലും കിടക്കാൻ സാധിക്കില്ല. നാട്ടിലാണെങ്കിൽ അമ്മയാണ് ചായയും കൊണ്ടുവന്ന് കർട്ടൻ മാറ്റിയിടാറ്. ഇത് നാട്ടിലല്ലല്ലോ! ചായയും ഇല്ല! ദുഃഖം... കട്ട ദുഃഖം... ഏത് മഹാപാപിയാണ് രാവിലെ തന്നെ ഈ ദുഃഖത്തിലേക്ക് തള്ളിവിട്ടത്. സേതുവാണ്.

'എന്തോന്നാടേയ് രാവിലെ തന്നെ?''

ഓ! നിന്റെ ഹാങ്ങ് ഓവർ മാറിയോ?'' സേതു ചോദിച്ചപ്പോഴാണ് തലവേദനയുടെ കാരണം ഓർമ്മ വന്നത്. അപ്പോൾ ഇന്നലെ എന്താ സംഭവിച്ചത്?

എടാ പുല്ലേ! നിനക്ക് കുടിച്ചു കിടക്കണമെങ്കിൽ ഇവിടെ കിടന്നാ പോരെ!.. വെറുതെ ഹോട്ടലിൽ റൂം എടുത്ത്, വെള്ളോം അടിച്ച്, മനുഷ്യന് സൈൗര്യം തരാതെ രാത്രി വിളിച്ച് മുടിഞ്ഞ സെന്റി... അവസാനം ഞാൻ അവിടെ വന്നപ്പോ ബോധോം ഇല്ല ബുദ്ധീം ഇല്ല.

എന്നിട്ട് ഇവിടെ കൊണ്ടു കിടത്തിയതും പോരാതെ രാവിലെ എഴുന്നേറ്റ് അവന്റെ ചോദ്യം രാവിലെ തന്നെ എന്തോന്നടേയ് എന്ന്... എങ്ങോട്ടെങ്കിലും പോയാലല്ലെ വരാൻ പറ്റൂ... സേതു നല്ല ദേഷ്യത്തിൽ ആയിരുന്നു.

അവനേം കുറ്റം പറയാൻ പറ്റില്ല. ഇത് ഇപ്പോ സ്ഥിരമായോ എന്ന് ഒരു സംശയം. എന്തു ചെയ്യാൻ ഇപ്പോൾ കുറച്ചായി ദുഃഖമാണ് സ്ഥായിയായ ഭാവം. ഇന്നലെ എന്തായിരുന്നു. ഓ... ആത്മഹത്യ... ഇന്നലെ അതായിരുന്നു ഉദ്ദേശം. ഓഫീസിൽ മാനേജർ ജോലിയിൽ ശ്രദ്ധ ഇല്ല എന്നും പറഞ്ഞ് ചീത്ത വിളിച്ചു. അതും പുതിയതായ് ജോയിൻ ചെയ്ത പെൺപിള്ളാരുടെ മുൻപിൽ വച്ച്.

ഓഫീസിൽ നിന്നും പുറത്തിറങ്ങി നേരെ ബാറിൽ ചെന്നു രണ്ടു നിൽ

പ്പൻ (അവിടെ ഏകദേശം ഒരു നാലടി ഉയരത്തിൽ ഒരു മേശയുണ്ട്, അവിടെ നിന്നു കൊണ്ട് രണ്ടെണ്ണം അടിക്കുന്ന തിനെയാണ് നിൽപ്പൻ എന്നു പറയുന്നത്) അടിച്ചു. വല്ലാത്ത ദുഃഖം... പുതിയ പിള്ളേരുടെ ഭാഷയിൽ കട്ട ദുഃഖം. എങ്ങനെ സഹിക്കും, പുതിയ പിള്ളാരുടെ മുൻപിൽ ഒരു ഇമേജ് ഉണ്ടാക്കി വരികയായിരുന്നു. അപ്പോഴാ അയാളുടെ ശകാരം... ഒന്നുമില്ലെങ്കിൽ ആ കമ്പനിയിൽ അഞ്ചു വർഷമായ് ജോലി ചെയ്യുന്ന ആളല്ലെ ഞാൻ.

വല്ലാത്ത അപമാനമായിപ്പോയി. രക്ഷപ്പെടാൻ അയാളെ തട്ടണം അല്ലെങ്കിൽ ആത്മഹത്യ. എന്നാപ്പിന്നെ അതാവട്ടെ ആത്മഹത്യ. മരിക്കുമ്പോൾ നല്ല സ്റ്റൈൽ ആയി മരിച്ചുകളയാം എന്നാണ് ആദ്യം മനസ്സിൽ ഓർത്തത്. നേരെ മുൻപിൽ കണ്ട ഒരു ഹോട്ടലിൽ കയറി ഒരു റൂം എടുത്തു. സാമാന്യം ഒരു നല്ല റൂം ജനലിലൂടെ പുറത്തേക്ക് നോക്കിയാൽ അവിടെ കായൽ കാണാം. ഹൊസൂർ ലേക്ക്. പണ്ട് വളരെ നല്ല ലേക്ക് ആയിരുന്നു എന്നാണ് കേട്ടത്. സിറ്റിയുടെ മാലിന്യം മുഴുവൻ ഇപ്പോൾ ഒഴുക്കി വിടുന്നത് ഈ ലേക്കിലേക്കാണ് അതുകൊണ്ടു തന്നെ അതിനെ നല്ല ദുർഗന്ധം വമിക്കുന്ന ഒരു ജലാശയമാക്കി മാറ്റാൻ ആ സിറ്റിക്ക് കഴിഞ്ഞു. ആ കായലിൽ ഒരാൾ പൊക്കത്തിൽ വളർന്നു നിൽക്കുന്ന പുല്ല് ഉണ്ട്, ദിവസവും ഓഫീസിൽ പോകുമ്പോൾ അതു കണാറുണ്ട്. ജനലിലൂടെ നോക്കിയപ്പോൾ ആ പുല്ല് വെട്ടി കരയ്ക്ക് കൊണ്ടുവന്നിടുന്ന ഒരു പയ്യനെ കണ്ടു. ദുർഗന്ധം സഹിക്കാതായപ്പോൾ ജനലടച്ചു കട്ടിലിൽ വന്നിരുന്നു.

ഇനി ഒരു പ്ലാൻ തയ്യാറാക്കണം. ആത്മഹത്യ, അതു ചെയ്താൽ മാത്രം പോര അതിനു കാരണം ആ നികൃഷ്ട ജീവി മാനേജർ ആണെന്നും വരുത്തി തീർക്കണമല്ലോ.

കുറേ നേരം കട്ടിലിൽ മലർന്നു കിടന്ന് ആലോചിച്ചു, അവസാനം തീരുമാനമായി വിഷം കഴിച്ചാൽ 'റിം" എന്നു തീരും. എന്നിട്ട് ആ ബ്ലഡി ഫൂളിന്റെ പേരും എഴുതി വയ്ക്കാം, ശുഭം. കുറച്ചു നേരം എഴുന്നേറ്റ് കണ്ണാടി നോക്കി നിന്നു എന്നിട്ട് സ്വയം പറഞ്ഞു ഭീകരൻ.... ഭയങ്കരൻ... പുറത്തു പോയി എലിവിഷം വാങ്ങിവന്നു (വേറെ വിലകൂടിയ വിഷം എവിടെ കിട്ടും എന്ന് ഒരു പിടിയുമില്ല, ഇതിനു മുൻപ് മരിച്ച് ശീലമില്ലല്ലോ).

റിസപ്ഷനിൽ വിളിച്ചു ആരോടെങ്കിലും വരാൻ പറഞ്ഞു. നല്ല വിശപ്പുണ്ട് പോരാതെ വിഷമൊക്കെ കഴിച്ച് വേദനിച്ചു മരിക്കാൻ ബുദ്ധിമുട്ടല്ലേ അതുകൊണ്ട് ഒന്നും അറിയാതിരിക്കാൻ ഒരു ബോട്ടിൽ റം ഓർഡർ ചെയ്യണം. ഡോർ തുറന്നു വന്ന പയ്യനെ എവിടെയോ കണ്ട പരിചയം. ഓർമ്മ വന്നു, ഇവനാണ് ലേക്കിൽ പുല്ലുവെട്ടിക്കൊണ്ടിരുന്നവൻ.

"നിന്ന ഹെസെറേനു?", കന്നടയിൽ നിന്റെ പേര് എന്താണ് എന്നുള്ളതിന്...

"ശ്യാം"

"നീനു കന്നഡിഗ", നീ കർണാടകക്കാരൻ ആണോ എന്ന്. അറിയാവുന്ന ചില കന്നട പ്രയോഗങ്ങൾ.

"ഇല്ല സർ, നാനു കാസർഗോഡു ബരുവ നാനു"

"ഓഹോ, അപ്പൊ നിനക്ക് മലയാളം അറിയോ?"

"അറിയാം സാർ", അവൻ ചിരിച്ചു.

"നന്നായി... ശ്യാം നീ പോയി എനിക്കൊരു ചിക്കൻ ബിരിയാണി വാങ്ങിവാ." 100 രൂപ കൊടുത്തു "ബാക്കി നീ വച്ചോ" അവനു സന്തോഷമായി. അവൻ പുറത്തുപോയി.

അവൻ കൊണ്ടുവന്നു വച്ച കുപ്പിയിൽ നിന്നും രണ്ടെണ്ണം അടിച്ചു.

അപ്പോഴേക്കും ബിരിയാണിയുമായി അവനെത്തി. അവനുമായി കുറച്ചുനേരം സംസാരിച്ചിരുന്നു. "ബാക്കി വച്ചോ" എന്ന എന്റെ വാക്കുകളാവാം അവനെ സംസാരിക്കാൻ പ്രേരിപ്പിച്ചത്. കഷ്ടപ്പാടാണ്, പാവം. അമ്മ, അനിയത്തി, അമ്മ ഏതൊക്കെയോ വീടുകളിൽ പണിക്കു പോകുന്നു ഇവൻ തന്നാലാവുന്ന പണി മുഴുവൻ ചെയ്യാറുണ്ടത്രെ. ആ ദുർഗന്ധം ഉള്ള ലേക്കിൽ നിന്നു പുല്ല് വെട്ടി വിറ്റാൽ അതിനും കാശ് കിട്ടുമത്രെ. ജീവിക്കാൻ വേണ്ടി എന്തും ചെയ്യുന്ന പയ്യൻ. ബഹുമാനം തോന്നി. കൂടുതൽ നേരം അവനോട് സംസാരിച്ചിരുന്നാൽ ജോലി ചെയ്ത് ജീവിക്കാൻ തോന്നും. അതുകൊണ്ട് അവനോട് പൊയ്ക്കോളാൻ പറഞ്ഞു.

അവൻ കൊണ്ടുവന്ന ബിരിയാണിയിൽ വിഷം നന്നായി കലക്കി. വിഷം കഴിച്ചാലുള്ള പിടച്ചിൽ സിനിമയിൽ കണ്ടിട്ടു തന്നെ പേടിയാവാറുണ്ട്. അത് ഓർത്തപ്പോൾ ബാക്കിയുള്ള റം തീർത്തു. അതു മാത്രമേ ഓർമ്മയുള്ളൂ. എഴുന്നേറ്റ് നോക്കുമ്പോൾ റൂമിലാണ്. ബോധമില്ലാതെ സേതുവിനെ വിളിച്ചു എന്നും അവൻ എന്നെയും തൂക്കി എടുത്ത് ഇവിടെ കൊണ്ടുവന്നെന്നും സേതു പറഞ്ഞു. എന്തു ചെയ്യാം ആത്മഹത്യ പാളി. വീണ്ടും ആ ഓഫീസ്, അതേ മാനേജർ പഴയ സ്ഥിരം ജോലി.

ബ്രേക്ക് ഫാസ്റ്റുമായി വന്ന സേതുവിന്റെ മുഖത്ത് ദേഷ്യത്തിനു പകരം ഒരു വിഷമം.

"എന്തു പറ്റിയെടാ!" സേതുവിനോട് ചോദിച്ചു

"ഒന്നും പറയണ്ട അളിയാ, ഇന്നലെ നീ കിടന്ന ഹോട്ടലിൽ പണിക്കു വന്നിരുന്ന ഒരു പയ്യനില്ലേ... എന്നാ അവന്റെ പേര്! ഞാൻ ഇന്നലെ സംസാരിച്ചതാ"

"ശ്യാം ആണോ?"

"ആ! അതെ ശ്യാം, അവൻ തന്നെ. അവന്റെ കുടുംബം കടം കയറി നിൽക്കക്കള്ളിയില്ലാതെ ആത്മഹത്യ ചെയ്തു എന്ന്" ഇന്ന് പേപ്പറിൽ ഉണ്ട്. കഷ്ടം തന്നെ! ഇന്നലെ സംസാരിച്ചതല്ലെ, നല്ല പയ്യനായിരുന്നു".

ഞെട്ടലോടെ ആണ് ഞാൻ അതു കേട്ടിരുന്നത്. ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. ഇന്നലെ അവനോട് സംസാരിക്കുമ്പോൾ പോലും അവന്റെ മനസ്സിൽ ഇങ്ങനെ ഒരു ചിന്ത ഉള്ളതായി തോന്നിയിരുന്നില്ല. മനുഷ്യരുടെ കാര്യം അല്ലെ... എന്തു ചെയ്യാൻ.

സേതു പുറത്തേക്ക് നോക്കി നിൽക്കുകയായിരുന്നു.

"ഇന്നലെ സംസാരിച്ച ഒരാൾ, പറയാൻ ഉള്ള ബന്ധം ഒന്നും ഇല്ലെങ്കിലും, ഒരു ചെറിയ പയ്യനല്ലേടാ..." സേതു തുടർന്നു.

"അവനാ നിന്നെ പുറത്തുകൊണ്ടുവരുവാനും വണ്ടിയിൽ കയറ്റാനും ഒക്കെ എന്നെ സഹായിച്ചത്. ഞാൻ ഒരു 100 രൂപ ടിപ്സും കൊടുത്തതാ..."

സേതുവിന് നല്ല വിഷമം ഉണ്ടായിരുന്നു.

"പോട്ടെ സേതു, ചിലകാര്യങ്ങൾ അങ്ങനെയാ...

തടുക്കാൻ പറ്റില്ല" ഞാൻ അവനെ സമാധാനിപ്പിക്കാൻ നോക്കി.

"എടാ നിനക്കറിയോ, നീ ഹോട്ടലിൽ വാങ്ങിവച്ചിരുന്ന ബിരിയാണി ഇല്ലേ, അത് ഞാൻ അവനു കൊടുത്തു. അതിൽ വിഷം കലർത്തി കഴിച്ചാണത്രെ ആ കുടുംബ മുഴുവൻ ആത്മഹത്യ ചെയ്തത്. അത് ഞാനാ അവന്റെ കയ്യിൽ കൊടുത്ത് നീ എടുത്തോ എന്നു പറഞ്ഞത്. അത് ഓർക്കുമ്പോഴാ....

"അപ്പൊ... ആ ബിരിയാണി.... വിഷം..."

എന്റെ ശബ്ദം പുറത്തേക്കു വന്നില്ല. ■

www.dmausa.org




# DETROIT MALAYALEE ASSOCIATION

## OFFICE BEARERS 2016


President
**Saijan Joseph**


General Secretary
**Noble Thomas**


Treasurer
**Prince Abraham**


Vice President
**Gigi Paul**


Joint Secretary
**Shalini Jayaprakash**


Joint Treasurer
**Surya Gireesh**

## DMA WOMEN'S FORUM 2016


President
**Shalu David**


Secretary
**Boni Koithara**

## YOUTH FORUM


Co-ordinator
**Varkey Periyappurathu**

## BOARD OF TRUSTEES 2016


Chairman
**Mathew Cheruvil**


Vice Chairman
**Paul Kuriakose**


Secretary
**Mohan Panangavil**


Ex-Officio
**Rojan Thomas**


DMA President
**Saijan Joseph**

# DMA EXECUTIVE COMMITTEE 2016


Shalini Jayaprakash


Shibu Varghese


Shone Karthanal


Sreekumar Kambath



Sunil Paingol


Sudarsana Kurup


Surendran Nair


Surya Gireesh


Thomas Karthanal


Thomas George


Toms Mathew


Vinod Kondoor



Dr. Soman Philip Chacko, ABR

Presidents Council of Excellence

Office: 248-419-3177
Cell Phone: 248-514-8716
e-Fax: 248-419-3043
e-mail: Spchacko@hotmail.com
www.realestateone.com

6960 Orchard Lake Rd., Suite #150
West Bloomfield, MI 48322

Real Estate One

Thank You!

*The finest compliment I could ever receive is a referral from my friends and clients.*



# Man's Land



**Moideen Moidunny**
*(Actor and Liberal Arts Student)*

In my youth, marked by mischief and perpetual discomfiture, I was periodically ravaged with bouts of profound identity crises. "Why am I here?" "How will I acquire acceptance?" "How can I affirm my identity?"

Home could have been right in front of me or in barely familiar lands, oceans and continents away. Home and a sense of belonging were abstract concepts always just escaping the realm of tangibility for me. Mix that with the pain of exclusion and a flawed perception of the *favorability of brown skin, and you've a recipe for exquisite unhappiness.

When I reflect on the nascent days of self-discovery now, I shudder at the memories of my anguish because of my lack of self-identification.

However, that turmoil is the result of budding hormones, emotional crescendos, tumultuous anxieties and harmless naiveté- time would have been the antidote to such emotional disarray.

In this moment, being abroad and standing from a more advantageous vantage point, I can see the medley of multicultural complexity with greater and more humble appreciation for the elements that compose it. Instead of bobbing in and out of a reluctance to commit to an identity claim, I realize that we are agents of our own understanding...that entails admiring the distinctions between you and your neighbors and yielding an adolescent curiosity for what it is yet to be discovered. There is more joy to be had from the acquisition of rich human culture, more euphoria in the immersion of one's self into the depths of human expression, more jubilation when there is success in these feats.

The United States of America has been the apparatus for these transformational epiphanies. There may be few, or no countries that harness the massive power and potential that America has.

When I am a global citizen, I'm reminded many times over that I am an American through and through, culturally, linguistically, and attitudinal wise...all of course with a decadent layer of *Indianness ;D.

My chest wells up with pride that I am an American. I've been afforded inconceivable opportunities because of this nation. The American dialectic has carved me into a young Western contrarian and the defiant spirit of the American dreamer had cascaded through my body. I've met people who were formerly residents of different corners of the globe who now call this land their home. And of course, this country is home to the people I love most, my family.

I was born in this land, I learned love in this land, I found friends in this land...I found myself in this land. Despite my attitudes and perceptions as a boy, I've come to learn that this land, truly is a land for you and me.





# The Role of the President in American Politics



George Paul

Ever since the beginning of American history, there has always been a dislike towards monarchs. The entire American political system was created to deter against a being with absolute power. This was the system of checks and balances. Instead of an absolute power, three branches would be created, each to have different roles. These three branches were the Legislative branch, the Judicial branch, and the Executive branch. Every four years, the leader of the Executive branch cycles for a new person to take that role. Because many different people want to become this leader, the president, the media refers to this 130-day period of persuasion as a Presidential Race. America was just in this period, and someone has been chosen as the 2016-2020 President of the United States. Now, being a 15-year old child with no political affiliation of any kind, nor the right to vote, there is no logical reason to write about the candidates. Instead, it makes more sense to write about the system as a whole. To what extent is the president impactful in American government?

The Constitution defines the goal of the Legislative branch as the legislators, the creator of laws. The Executive branch enforces and executes these laws. According to the constitution, the Executive branch has no power to make laws. The Legislative branch only has that power. So why do presidential candidates incite change? Presidential candidates make so many promises during their campaigns. Trump tells people he will build a wall, Clinton says she will lower the wage gap, Sanders wants to create free college, but how do they hope to accomplish any of that? The most they could do is encourage Congress to write these laws into place, but telling Congress to do something is like telling your teenage child to do their chores. So the president should have little to no impact on making change happen. All of the promises candidates make are false, because they cannot do it.

But the power of the president comes not with the person, but with the people behind him/her. Each candidate has their own administration, their cabinet members, leaders of smaller departments, etc. Each candidate also has their own party, where their funding comes from, where a good majority of their votes comes from. It is from these outlets where the president can incite change. Hillary Clinton, the Democratic nominee can ask her Democratic fellows in Congress to write a bill about the wage gap. Donald Trump, the Republican nominee could tell different Republican senators to pass legislation about his famous wall. Because they belong to the same party, there is more inclination of the ear. It is similar to a group of friends who hang out because they like the same things. They do things for each other because they have a relation with one another. This would mean the president has more of an effect on American politics.

Saying the president cannot do any of the law making is a bit fallacious, as the president can make Executive Orders. Outlined in the Constitution, an Executive Order is a legally binding order given by the President. These Orders carry the same weight as law, but does not need to be approved by Congress. This would mean the president has a large effect on American politics.

In conclusion, although the president cannot create laws, he can create something very similar, and can use the resources of his administration to encourage Congress to make more laws that he can sign in. So in this sense, the American president has a rather large impact on American politics. ■

POEM

# STROKE OF LUCK

The privy between you and me
That chose to hide between the lines
You opt to zip it with a smile
I await to narrate it to the world
Wish I could travel back in time
With a Magic Wand and Witch's broom
Also a Pandora box to hold my Enigma
And the ever enchanting Lucky Red Seeds
As I open the doors to the past
I hope to cross paths with you
Meet your eyes and steal your heart
And stay in the past with u by my side
Stroll on the shores with our fingers locked
Leave our footprints on the soft slushy sand
Walk in the woods adorned with fiery fall colors
Cozy breeze and a swarm of glittering fireflies !
I would knock off all the numbers of time
Just to lock your blink before it drifts away
Not for the untold stories or unfelt touches
Just to wanderlust with you and my dreams
Gaze at the stars from the Himalayan zenith
Build sand castles on the Nile shores
Trap the clouds in the gardens of Swiss
Walk on a rainy night in the busy Paris lanes
Hike to the Cathedral Cove and
Savor the fantasy of Hobbiton
My bucket list with you has no strings
It's around-the-clock, far and wide...
But then, the place never matters,
It's the stroke-of-luck with u that I need...!!



DEVIKA RAJESH


# OFFICE LUNCH BOX




**Vegetarian 7.99**
**Non vegetarian 8.99**

sabzi ,daal,Naan,Raita,Biryani,Papad,Salad,Samosa

**Punjab Indian cuisine**
**Free delivery for 10 lunch boxes..!!**
**We deliver**
**248-250-9880**
**Www.punjabsweetsmi.com**



# ബാല്യമില്ലാത്ത ബാലകർ



ജോർജ് വൻനിലം


കാറ്റിൽ കളിക്കുന്ന മാമരച്ചില്ലകൾ
ഏറ്റം ചിരിച്ചാർത്തു പാടുന്ന കുട്ടികൾ
'കള്ളനും പോലീസും' 'കഞ്ഞികറി'കളും
'സാറ്റെ'ന്നു ചൊല്ലുന്ന കണ്ണുപൊത്തിക്കളി
    മാവിന്റെ കൊമ്പിലായ് കെട്ടിയൊരുഞ്ഞാലി-
    ലാടിക്കളിക്കുന്ന 'കൊച്ചു തെമ്മാടികൾ'!
    മാമ്പഴം വീഴുമ്പോളോടിയടുക്കുന്നു
    കൂട്ടിയിടിച്ചു മറിഞ്ഞിതാ വീഴുന്നു!
'കുട്ടിയും കോലും' 'തലപ്പന്തു'മെന്നിവ
കൂടാതെ പിന്നെയുമെന്തെന്തു മേളങ്ങൾ
ആടിത്തിമിർക്കുവാനെത്തുന്ന കുട്ടികൾ
കൂട്ടായ് ചേരുമ്പോഴെപ്പോഴുമുൽസവം
    മണ്ണിൽ വരച്ചിട്ട ചതുരക്കളങ്ങളിൽ
    'തൊങ്കി' നടക്കുന്ന പാവാടക്കുട്ടികൾ
    വട്ടമിരുന്നുള്ള കല്ലുകൊത്തിക്കളി
    വട്ടുകളിക്കുന്ന കൊച്ചുമിടുക്കന്മാർ
ഞാനന്നു കുട്ടിയാണന്നത്തെക്കാലത്തെ
വേനലവധിക്കുണരുന്ന കേരളം!
ഇന്നത്തെയെൻ നാടു കാണുമ്പോൾ കേഴുന്ന,
വിങ്ങുന്ന നെഞ്ചോടെ നില്പിതാ ഞാനിപ്പോൾ
    എന്തു ഞാൻ ചൊല്ലേണ്ടു? ചോരത്തുടിപ്പുള്ള
    വീറുള്ളോരുണ്ണികൾ; എവിടെ മറഞ്ഞവർ?
    വീടിന്റെയുള്ളിലെ 'വിഡ്ഢിതൻപെട്ടി'ക്കു
    മുന്നിലായി സ്ഥാനമുറപ്പിച്ചിടുന്നുവോ?
തണലുള്ള മാവുകൾ പോലുമില്ലാതെയായ്
എൻ കൊച്ചുനാടിന്റെ പച്ചപ്പുമേ പോയി!
കഷ്ടമെന്നല്ലാതെ വേറെന്തു ചൊല്ലുവാൻ?
ബാല്യമേയില്ലാതെയുഴലുന്ന ബാലകർ! ■

# അനിവാര്യ ചിന്തനം



തോമസ് വി.റ്റി.

അതിശയമതിശയമതി ദയനീയം
മഹിതലേ വന്ന മഹേശനേ നിനയ്ക്കിൽ
ഭൂതലേ ഇതുപോലാരുണ്ടപരൻ
പേരിനു ചൊല്ലാ നീ പാരിതിലില്ലാരും.
    കുരിശതിലേറ്റി, കരചരണങ്ങൾ
    ആണികളാൽ നിണം ചിന്തിയതോ
    പാതകമൊന്നും ചെയ്യാതിവിടെ
    പാവനമാം സ്നേഹം പുലരാനല്ലോ.
ഭൂതലേ സനാതന സത്യവചസ്സേകി
പാതയിൽ ദീപമതായി പവിത്രമാം
മേദിനിയൊരുക്കാനേറ്റതി
പീഢകളെത്ര കഠിനകരം.
    രണ്ടു സഹസ്രാബ്ദങ്ങൾക്കപ്പുറ
    മോതി ദിവ്യദർശകനേശു
    അപ്പം പോരാ ജീവൻ നിലനിർത്തിടാൻ
    ഒപ്പം വേണം ദൈവവചനങ്ങളും
ദിവ്യദർശനേശുവിൻ ദൂതുക-
ളോരോ കാതിലുമെത്തിടുവാൻ
ദൂതുവാഹികളാവുക സഹജാ
ഭൂതലമഖിലമഹമകലട്ടെ
    ജ്ഞാനത്തിനാരംഭം ദൈവചിന്ത
    അവനിയിലർത്ഥ പ്രതാപങ്ങളേറിലും
    ചെറ്റും ദൈവചിന്തയില്ലെങ്കിൽ
    മുറ്റും മുടിവു ഭവിച്ചിടാം. ■






NO MATTER THE DESTINATION,
CHOOSE **JAYA TRAVEL**
FOR ALL OF YOUR TRAVEL NEEDS.

**CRUISES**
**LAND / TOUR PACKAGES**
**RIVER CRUISES**

**And Of Course... Competitive Airfare to Worldwide Destinations!**

**5% OFF**

On any Cruise or Tour Package
when you call and use code
**DMA2016APRIL**

Expires 31 August 2016 - Restrictions may apply.

BEFORE YOU TRAVEL THE WORLD, CALL JAYA TRAVEL!

1-877-359-5292 | www.jayatravel.com

JAYA
TRAVEL & TOURS




സാജൻ ഇലഞ്ഞിക്കൽ

ഇന്ത്യയുടെ വളർച്ചയെപ്പറ്റി ഈയിടെ മാധ്യമങ്ങളിൽ വന്ന ചില വാർത്തകൾ അങ്ങേയറ്റം അഭിമാനിക്കാനും സന്തോഷിക്കാനും ഇട നൽകുന്നതാണ്. “ഇന്ത്യ തിളങ്ങുന്നു, ഇന്ത്യ സൂപ്പർപവർ ആകുന്നു” എന്നിങ്ങനെയുള്ള വാർത്തകൾ കുറെ നാളുകളായി കേൾക്കാറുണ്ടെങ്കിലും വിശ്വസനീയമായ ചില കണക്കുകൾ ഇപ്പോഴാണ് വരുന്നത്. ഈ വാർത്തകൾ ക്രോഡീകരിക്കുകയും അതോടൊപ്പം വളരെ ദുഃഖകരമായ മറ്റു ചില കണക്കുകൾ സംഗ്രഹിക്കുകയുമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

CNN ഈ അടുത്ത് പ്രസിദ്ധീകരിച്ച ഒരു വാർത്ത ഓർക്കുന്നു “India keeps it's crown as world's fastest growing major economy.” Microsoft CEO Satya Nadella കഴിഞ്ഞ ഓഗസ്റ്റിൽ ഡൽഹി സന്ദർശനത്തിനിടെ പറഞ്ഞത് “India's economic growth is still the envy of the world” എന്നാണ്.

2020 ആകുമ്പോഴേക്കും ഇന്ത്യ ലോകത്തിലെ (അമേരിക്കയും ചൈനയും കഴിഞ്ഞാൽ) മൂന്നാമത്തെ വലിയ വാഹനനിർമ്മാതാവാകുമെന്ന് ഫോർഡ് മോട്ടോർ കമ്പനി (ഇന്ത്യ)യുടെ പ്രസിഡന്റ് ആൻഡ് മാനേജിംഗ് ഡയറക്ടർ ഈയടുത്തിടെ പറയുകയുണ്ടായി. ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന വാഹനങ്ങളുടെ എണ്ണം പ്രതിവർഷം 70 ലക്ഷം ആകുമെന്നാണ് കണക്ക്. ഇന്ത്യയുടെ GDPടെ 7% വരുന്നതാണ് ഈ സെക്ടർ എന്നോർക്കണം. ഇതിനർത്ഥം അന്താരാഷ്ട്ര വാഹനനിർമ്മാതാക്കളായ Toyota, GM, Ford മുതലായ കമ്പനികൾക്ക് ഇന്ത്യയെ അവഗണിക്കുക സാധ്യമല്ലെന്നു മാത്രമല്ല, ഇന്ത്യയെക്കൂടാതെ അവർക്ക് വളരാൻ സാധിക്കുകയുമില്ല എന്നാണ്. ഇന്ത്യയിലെ വലിയ വാഹനനിർമ്മാതാക്കളായ ടാറ്റാ മോട്ടോർസ്, മഹീന്ദ്ര എന്നിവയും ഈ രംഗത്തുണ്ട്. 2020 എന്നത് വെറും 3 വർഷം മാത്രം അകലെയാണ്.

മറ്റൊരു അത്ഭുതപ്പെടുത്തുന്ന വാർത്ത എയറോസ്പേസ് മേഖലയിൽ നിന്നാണ്. 2026 ൽ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ ഏവിയേഷൻ മാർക്കറ്റ് ആകുമെന്നാണ് ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ (IATA) യുടെ പ്രവചനം. യു.കെയെ പിന്തള്ളിയായിരിക്കും ഇന്ത്യ ഈ സ്ഥാനത്തേക്കെത്തുക. എയർപോർട്ട് കൗൺസിൽ ഇന്റർനാഷണലിന്റെ 2015 ലെ എയർപോർട്ട് സർവീസസ് ക്വാളിറ്റി (ASQ) 25-40 മില്ല്യൻ യാത്രക്കാരുടെ കാറ്റഗറി അവാർഡിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് ഇന്ത്യയിലെ ന്യൂഡൽഹി, ബോംബെ എയർപോർട്ടുകളാണെന്നുള്ളത് അങ്ങേയറ്റം അഭിമാനാർഹമാണ്.

KPMG യുടെ ഈ അടുത്തു നടത്തിയ പഠനത്തിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ് “India's real estate sector can be the 3rd largest by 2030. The real estate and construction sector in India is expected to be the third largest globally by 2030, contributing over 15% to India's GDP and emerging as the largest employer in India providing employment to over 75 million people.” World Resources Institute (WRI) ന്റെ കണക്കനുസരിച്ച് ലോകത്തിലെ നാലാമത്തെ വലിയ ഊർജ്ജഉപഭോക്താവാണ് ഇന്ത്യ. ഒരു ദശാബ്ദത്തിനുള്ളിൽ ചൈനയെ മറികടന്ന് ഇന്ത്യ മൂന്നാം സ്ഥാനത്തെത്തുമത്രെ.

ഇനി ഇന്ത്യയിലെ മൊബൈൽ ഫോൺ കച്ചവട വളർച്ചാനിരക്ക് ശ്രദ്ധിക്കുക. IAMAI & KPMG യുടെ കണക്കുകളനുസരിച്ച് ഇന്ത്യയിലെ ഇപ്പോൾത്തന്നെ ലോകത്തിലെ മൂന്നാമത്തെ വലിയ സ്മാർട്ട് ഫോൺ മാർക്കറ്റ് ആണ്. 2017 ആകുമ്പോഴേക്കും ഇന്ത്യയിൽ 500 മില്യൺ ഇന്റർനെറ്റ് ഉപഭോക്താക്കളും 314 മില്യൺ മൊബൈൽ ഉപഭോക്താക്കളും ഉണ്ടാകും. വീടും വെള്ളവും റോഡും ഒന്നും എല്ലാവർക്കും ഇല്ലെങ്കിലും വാർത്താവിനിമയ രംഗത്തെ ഇന്ത്യയുടെ ഈ കുതി



പ്പോർത്ത് സന്തോഷിക്കാം. മറ്റു പല മേഖലകളിലും ഇന്ത്യ അഭിനന്ദനാർഹമായ മുന്നേറ്റങ്ങൾ നടത്തുന്നുണ്ട്. ഉദാഹരണത്തിന് റീട്ടെയിൽ ബിസിനസ്സിൽ ഇപ്പോഴുള്ള 500 ബില്യൺ ഡോളറിൽ നിന്ന് 2020 ആകുമ്പോഴേക്കും 1.3 ട്രില്യൺ ഡോളറിലേക്ക് വളരുമെന്നാണ് കണക്കാക്കപ്പെടുന്നത്. എക്കോണമിക്ക് വളർച്ചയുടെ നട്ടെല്ല് എന്നു വിശേഷിപ്പിക്കാവുന്ന ഈ മേഖലയാണ് ഇന്ത്യയുടെ വളർച്ചാനിരക്കിന്റെ 20% സംഭാവന ചെയ്യുന്നത്. എഞ്ചിനിയറിംഗ്, ഗതാഗതം, ഇൻഫോടെക് എന്നീ മേഖലകളിലും വളരെ നല്ല വളർച്ചയാണ് കണക്കാക്കപ്പെടുന്നത്.

ഇതെല്ലാം കേൾക്കുമ്പോൾ നല്ല സന്തോഷവും അഭിമാനവും തോന്നുന്നു അല്ലേ? പക്ഷേ, അങ്ങേയറ്റം ലജ്ജാകരവും ദുഃഖകരവുമായ ചില കണക്കുകൾ കൂടി നോക്കൂ. അഴിമതിയുടെയും കള്ളപ്പണത്തിന്റെയും ഇവ കൊണ്ടുണ്ടാകുന്ന ദാരിദ്ര്യത്തിന്റെയും കഥ കേൾക്കുമ്പോൾ അമ്പരന്നു പോകും. ഇന്ത്യയുടെ ദാരിദ്യത്തിന്റെ മുഖ്യകാരണം അഴിമതിയും കള്ളപ്പണവുമാണെന്ന് പല പഠനങ്ങളും കണ്ടെത്തിയിട്ടുണ്ട്. ട്രാൻസ്പേരൻസി ഇന്റർനാഷണലിന്റെ കണക്കനുസരിച്ച് ലോകത്തിലെ 168 രാജ്യങ്ങളിലേക്കും അഴിമതി ഏറ്റവും കുറവുള്ള രാജ്യം ഡെൻമാർക്ക് ആണ്. ഈ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 76 ആണ്. സോമാലിയക്കാണ് 168-ാം സ്ഥാനം. ഇനി കള്ളപ്പണത്തിന്റെ കണക്ക്. ഇന്ത്യയുടെ GDP യുടെ വളർച്ചാനിരക്കിന്റെ 30% കള്ളപ്പണമാണെന്നാണ് പറയപ്പെടുന്നത്. ഇത് ഏകദേശം 600 ബില്യൺ ഡോളർ വരും. കള്ളപ്പണം പുറത്തു കൊണ്ടു വരാനായി ഇന്ത്യാ ഗവൺമെന്റ് അനുവദിച്ച Income Declaration Scheme (IDS) സെപ്തംബർ 30, 2016 ൽ അവസാനിച്ചപ്പോൾ വെറും 10 ബില്യൺ ഡോളർ (65,000 കോടി രൂപ) മാത്രമാണ് പ്രഖ്യാപിക്കപ്പെട്ടത്. ഇനി രസകരമായ ഒരു കണക്കുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രി മോദി ഭരണമേറ്റപ്പോൾ പറഞ്ഞത് ഇന്ത്യയുടെ കള്ളപ്പണം മുഴുവൻ പുറത്തു കൊണ്ടു വന്നാൽ ഇന്ത്യയിലെ ഓരോ പൗരനും 20 ലക്ഷം രൂപ വീതം ലഭിക്കുമെന്നാണ്. പക്ഷേ ഐ.ഡി.എസിന്റെ കാലാവധി സെപ്തംബർ 30ന് അവസാനിച്ചപ്പോൾ ഇത് വെറും 20 രൂപയായി കുറഞ്ഞു.

ഇനി ദാരിദ്ര്യത്തിന്റെ കണക്ക്-

poverties.org വെബ്സൈറ്റിലെ കണക്ക് അനുസരിച്ച്

- ♦ 50% of Indians don't have proper shelter
- ♦ 35% of the households don't have a nearby water source.
- ♦ 85% of villages don't have secondary school.
- ♦ 70% don't have access to decent toilets.

ഇതിലേറ്റവും ദുഃഖകരമായ കാര്യം ഈ അവസാനമെഴുതിയതാണ്.

A report titled It's no joke, state of the world's toilets by water aid states that 'if all 774 million people in India waiting for household toilets were made to stand in a line, the due would stretch from Earth to Moon and beyond.' ഇത്രയുമൊക്കെ ഇന്ത്യയെപ്പറ്റി പ്രതിപാദിപ്പിച്ചല്ലോ. ഇനി നമ്മുടെ കേരളത്തിലെ സ്ഥിതിഗതികൾ ഒന്നു വിലയിരുത്താം.

"എന്നെ തല്ലണ്ട അമ്മാവാ, ഞാൻ നന്നാവില്ല" എന്നു പറഞ്ഞതു പോലെയാണ് കേരളത്തിന്റെ കാര്യം. വജ്രജൂബിലി ആഘോഷിക്കുന്ന ഈ വേളയിലും കേരളം ഇപ്പോഴും പല മേഖലകളിലും ശൈശവാവസ്ഥയിലാണെന്ന കാര്യം ആരും വിസ്മരിക്കരുത്. ഞാൻ ഇതിനു മുമ്പ് പരാമർശിച്ച അന്താരാഷ്ട്ര വാഹനനിർമ്മാതാക്കളായ Toyota, GM, Ford എന്നുവേണ്ട ഇന്ത്യയിലെ വാഹനനിർമ്മാതാക്കളായ ടാറ്റയുടെയോ മഹീന്ദ്രയുടെയോ ഒരു part പോലും ഉണ്ടാക്കുന്ന ഒരു ഫാക്ടറി കേരളത്തിൽ ഇല്ല എന്നു പറയുമ്പോൾ അതിലും വലിയ ഒരു നാണക്കേട് നമുക്കുണ്ടോ! ലോകത്തിലെ വാഹന നിർമ്മാണ കമ്പനികളുടെ സിരാകേന്ദ്രമായ ഡിട്രോയിറ്റിനെ വെല്ലുന്ന വാഹനനിർമ്മാണനഗരമായി ചെന്നൈ മാറിക്കൊണ്ടിരിക്കുന്ന വേളയിലാണിതെന്നോർക്കണം. ലോകത്തിലെ വലിയ വിമാനനിർമ്മാണ കമ്പനികളായ എയർബസും ബോയിങ്ങും ഇന്ത്യയിൽ മറ്റെവിടെ അവരുടെ ഫാക്ടറി തുടങ്ങിയാലും കേരളത്തിൽ തുടങ്ങില്ല എന്ന് തറപ്പിച്ചു പറയാം. കൊച്ചിയിൽ സ്മാർട്ട്സിറ്റി തുടങ്ങിയപ്പോഴെങ്കിലും വിവരസാങ്കേതിക മേഖലയിലെ അന്താരാഷ്ട്ര ഭീമന്മാരായ ഗൂഗിൾ, ഫേസ്ബുക്ക്, മൈക്രോസോഫ്റ്റ്, ഐ.ബി.എം... കേരളത്തിലേക്കു വരുമെന്നു പ്രതീക്ഷിച്ചു. പക്ഷേ അതുമുണ്ടായില്ല. ഓസ്ട്രേലിയയിൽ നിന്നും -160°c ശീതീകരിച്ച പ്രകൃതവാതകം, 4500 കോടി രൂപ മുടക്കി വല്ലാർപാടത്തെ LNG ടെർമിനലിൽ എത്തിയിട്ട് വർഷം 3 ആയി. പക്ഷേ അത് സുരക്ഷിതമായി മണ്ണിനടിയിലുള്ള പൈപ്പുകളിലൂടെ വിവിധ സ്ഥലങ്ങളിലേക്കെത്തക്കാനുള്ള പദ്ധതിയെ എതിർക്കാൻ മലയാളിക്കു മാത്രമേ കഴിയൂ.

ഇന്ത്യയിൽ പ്രതിവർഷം 800 മില്യൺ ഡോളറിന്റെ infrastructure projects നടപ്പിലാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. റോഡുവികസനത്തിന്റെ വേഗത ദിവസം 4 കിലോമീറ്ററിൽ നിന്നും ദിവസം 6 കിലോമീറ്ററാക്കി ഉയർത്താനാണ് നാഷണൽ ഹൈവെ ഡിപ്പാർട്ടുമെന്റിന്റെ ശ്രമം. പക്ഷേ കേരളത്തിലെ സ്ഥിതി വ്യത്യസ്തമാണ്. 28 കിലോമീറ്റർ നീളമുള്ള വടക്കാഞ്ചേരി - മണ്ണൂത്തി 6 വരിപാതയുടെ നിർമ്മാണം തുടങ്ങിയിട്ട് 10 വർഷത്തിലധികമായി. അങ്ങനെയാണെങ്കിൽ ഈ നിർമ്മാണത്തിന്റെ സ്പീഡ് വർഷം 2.8 കിലോമീറ്റർ ആണ്. നിർമ്മാണം പൂർത്തിയാകാൻ ഇനി ഒരു വർഷവും കൂടി വേണമെന്നാണ് പറയുന്നത്. തിരുവനന്തപുരം - കോഴിക്കോട് ലൈറ്റ് മെട്രോ പ്രോജക്റ്റ് ഒഴിച്ച്, കേരളത്തിലെ വേറെ ഒരു infrastructure project നെക്കുറിച്ചും പറഞ്ഞു കേൾക്കുന്നില്ല. കേരളം ഇന്ത്യയുടെ ഭാഗമല്ലേ എന്നു തോന്നിപ്പോകും.

നമുക്ക് തെരുവുനായ്ക്കളെ താലോലിച്ച് അവയുടെ കടിയും കൊണ്ട് ഇരിക്കാനാണ് യോഗമെന്ന് തോന്നുന്നു. ഏകദേശം 30 ലക്ഷത്തോളം (Unskilled) മലയാളികളെ ഗൾഫ് രാജ്യങ്ങളിലേക്കയച്ചും ഏതാണ്ട് അത്രതന്നെ ഉത്തരേന്ത്യക്കാരെ നാട്ടിലെത്തിച്ചും കഴിയുകയാണ് നമ്മൾ. ഒരു സർവേയിൽ പറയുന്നത് ഈ ഗൾഫ് മലയാളികൾ കേരളത്തിലേക്കയയ്ക്കുന്ന പണവും ഉത്തരേന്ത്യൻ തൊഴിലാളികൾ കേരളത്തിൽ നിന്നു അവരുടെ നാടുകളിലേക്കയയ്ക്കുന്ന പണവും ഏകദേശം തുല്യമാണെന്നാണ്. ഈ ഭ്രാന്തൻ പ്രതിഭാസത്തിന് എന്നാണൊരറുതി വരുക? പ്രാകൃതമായ ഹർത്താലുകളും രാഷ്ട്രീയ കൊലപാതകങ്ങളും നടത്തി കേരളത്തിന്റെ പേരു കളഞ്ഞുകുളിക്കുന്നു. മുകളിൽ പരാമർശിച്ചതെല്ലാം പോരേ അധികാരികൾക്കും രാഷ്ട്രീയകാർക്കും തലയിൽ മുണ്ടിട്ടു നടക്കാൻ! ■



# National Groceries and Catering

33148 Ryan Road, Sterling Heights, Michigan 48120

Daily special sale of a single item at steep discount


Contact 586-268-8225 for today's item



Phone: 586-268-8225

Michigan Malayalee 2013








**RUOK** COMPANY

ROOFING SPECIALISTS



***Ruok Company, Commercial Roofing Specialist***

***MICHIGAN LICENSED BUILDER***

***PHONE (248) 591-4172 www.ruokcompany.com***



©Shibu Varghese

# ONAVILLU 2016

## DMA'S ONAM CELEBRATIONS



Sunil Paingol

The wish that Maaveli was granted by Lord Vishnu was to be able to see his people once every year and DMA ensured that the sight he saw this year was a grand one indeed. Onam celebrations this year were on an altogether grander scale than ever. DMA witnessed a record crowd that attended this year's Onam.

The Celebrations started with setting up of an attractive floral decoration (Pookalam) in the reception area. Impressive designs and artistic creativity were the hallmarks of the pookalam, which turned out to be attractive and mesmerizing and took everyone into the world of festivity and fun.

One of the most important part of the Onam festivities is Onasadya. Like always, a traditional sumptuous Onasadya was served with 22 different items. Without any doubt, it won the hearts of the Detroit public.






©Shibu Varghese

One of the highlights of this year's onam was that DMA conducted a Vadamvali ( Tug-of- war ) competition for the first time as a part of the Onam celebrations. This was a tough competition between the two teams " Kombans " & "Kootans". In the midst of a cheering crowd " Kombans " showed great strength & won the trophy this year.

Following the Vadamvali was the Mahabali Varavelpu which included the procession welcoming Mahabali with a Chendamela, Pulikali, Thalapoli carried by young ladies looking stunning in their traditional sarees and accompanied by young men resplendent in their colorful choices of Dhothis .

The Cultural programs were officially inaugurated with a lamp lighting ceremony in which the Chief Guest, Office Bearers , Board of Trustees, & Women's forum representatives & Youth wing representative participated.



DMA President, Saijan Joseph Kaniyodikkal, welcomed the audience & the Chief Guest , FOMAA President, Mr. Benny Vachachira who while addressing the audience called upon them to celebrate the spirit of oneness and joy which are the essence of Onam.

The variety entertainment Programs started with a traditional "Thiruvaathira" dance performed with great elegance by the beautiful ladies . One of the highlights of the cultural program was a well orchestrated theme program called " NISHIGANDHA ", a theatrical musical show directed by Saijan Kaniyodikkal. This was well received by the audience. Following this were colorful













dance performances & songs, which made the event even more spectacular.

Overall , there was excellent positive reviews on the Onam celebrations conducted by DMA this year. Detroit Malayalee Association would like to take this opportunity to thank all of you for the continued support.

" *GO MALAYALEES* "




















EXIT









AVITA CARPET INC.
Flooring Services ~ Sales, Installations & Repairs
Residential • Commercial • Industrial • Schools
Hardwood Floors ~ Cherry, Oak, Birch, & Teak
• Plank & Strip • Custom & Pre-Finished Floor Sanding
• Stains & Varnishes • Sealers
Tile & Sheet Linoleum
Floor Tile • Non-Wax Linoleums & Tiles
Cushioned & Sheet Vinyl
Indoor & Outdoors Floorings
Artifical Grass • Rubber Mats
Non-Skid Safety Walks
Wall-toWall Carpets • Rugs • Slate • Terracotta Flooring
Water Damage Corrected
36111 Ford Road Westland, MI 48185
Phone: (734) 729-2929, Fax: (734) 729-2909
Email: avitacarpetinc@gmail.com
http://www.avitacarpet.com


NOW everyone's invited !!!
LIVE STREAMING
YOUR EVENT
WORLDWIDE
www.THALSAMAYA.com
Corporate Events | Weddings | Funerals | Birthdays | Tradeshows | Workshops | Graduation Ceremonies | Business Conferences | Award Shows | Lectures | Product Launches | College Events | Technical Fests | Arts Fests | Alumni Events | Seminars | Press Releases | Charity Events | Webinars
*No ads
*Unlimited viewers
*Unlimited storage
*DVR capability
*Video on Demand
1 - 6
Multi-Camera
High Definition
Multi-Angled
Coverage
*Embed on any website
*Watch on Facebook
*Watch on ROKU (in US)
*Watch on mobiles / tablets
*No flash required
SERVICES AVAILABLE IN U.S.A. & SOUTH INDIA
1-855-955-LIVE
1-855-955-5483
contact@thalsamaya.com
thalsamaya247@gmail.com


RedChillies
The Taste of India
43743 VAN DYKE , STERLING HEIGHTS ,MI48314
Ph: 586-803-4388 & 586 - 453-8366
email : redchillies2015@gmail.com, ourredchillies.com
S. INDIAN THALI
ONLY $6.99
( SAT & SUN
LUNCH THALI
ONLY $ 5.99(TUE-FRI)
CHICKEN
LAMB
DINE IN, CARRY OUT
CATTERING & WEEKEND THATTUKADA





# നികുതി കൊടുക്കാൻ മടിക്കുന്ന മലയാളിയോട്
# കേരളത്തിന്റെ ചരിത്രം പറയുന്നത്!!!

ഹസീന

പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ കയ്യിട്ടു വാരി തിന്നുകൊഴുത്ത കുറെ രാജാക്കന്മാരുടെയും നമ്പൂതിരിമാരുടെയും കൂത്തരങ്ങായിരുന്നു നവോത്ഥാനത്തിന് മുൻപുള്ള കേരളത്തിന്റെ ചരിത്രം. കേണൽ മൺറോ വരുന്നത് വരെ ബ്രാഹ്മണർക്ക് ഭൂനികുതി പോലും ഒഴിവാക്കിയ ഈ രാജ്യത്തു മനുഷ്യാവയവങ്ങൾക്കു വരെ നികുതി ഏർപ്പെടുത്തി. പുഴുക്കളെക്കാൾ നികൃഷ്ടരാണ് അധഃകൃതർ എന്ന് സ്ഥാപിക്കാൻ സംസ്കൃത സാഹിത്യത്തിൽ ശ്ലോകങ്ങൾക്ക് പഞ്ഞം ഒന്നും ഇല്ലല്ലോ?

5000 വർഷത്തെ മഹത്തായ സംസ്കാരത്തിൽ ഊറ്റം കൊള്ളുന്നവർ ഒരു 100 വർഷം മാത്രം പിന്നിലെ ഈ ചരിത്രം ഓർത്തില്ലെങ്കിൽ ഇടയ്ക്ക് നമ്മൾ ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു. കാരണം അനുഭവമാണ് ഏറ്റവും വലിയ ഗുരു, ഇത് നമ്മുടെ മുൻഗാമികളുടെ അനുഭവങ്ങൾ ആയിരുന്നു. 'ഇന്നലെയോളം എന്തെന്നറിയില്ല ഇനി നാളെയും എന്തെന്നറിയില്ല' എന്ന് ബ്രാഹ്മണൻ പഠിപ്പിച്ചത് ഏറ്റു പാടാത്തവർ ഇന്നലെയോളം എന്തെന്നറിയണം, എങ്കിലേ ഇനി നാളെയും എന്തെന്ന് അറിയാൻ കഴിയൂ.


ആണിന്റെ മീശക്കും, അലക്കുകാരന്റെ അലക്കുകല്ലിനും, പരവന്റെ തെങ്ങിൽ കയറുന്ന തളപ്പിനും ഏണിക്കും, പെണ്ണിന്റെ മുലയ്ക്ക് വരെ നികുതി പിരിച്ചിരുന്നു രാജാക്കന്മാർ. ഒരു ജോലിയും ചെയ്യാൻ വയ്യാത്ത ബലഹീനരിൽ നിന്നു 'ഏഴ' എന്ന പേരിലുള്ള നികുതി ഈടാക്കിയിരുന്നു. മണ്ണിൽ നിന്ന് പൊൻതരികൾ അരിച്ചെടുക്കാൻ ശ്രമിച്ചാൽ തട്ടാന്മാർ നൽകേണ്ട പണമാണ് പൊന്നരിപ്പ്. മനുഷ്യരെ കൊന്ന കന്നുകാലികൾ രാജാവിന് അവകാശപ്പെട്ടതാണ്. അതാണ് ചെകൊമ്പ്. തെങ്ങിലും പനയിലും കയറി ഉപജീവനം നടത്തുന്നവരെയും രാജാവ് വെറുതെ വിട്ടില്ല. അവർ നൽകേണ്ട നികുതിയാണ് ഏണിക്കാണം അല്ലെങ്കില് തളാപ്പുകരം. മൺപാത്ര നിർമ്മാതാക്കളായ കുശവന്മാരിൽ നിന്ന് ചെക്കീരയും തട്ടാന്മാരിൽ നിന്ന് തട്ടാശപ്പട്ടവും ഈടാക്കി. എന്തിനധികം, മേൽമീശ വയ്ക്കാൻ രാജാവ് മീശക്കാശും പിരിച്ചിരുന്നു.. തുണിനെയ്ത്തുകാരിൽ നിന്നു 'തറിക്കടമ', അലക്കുകാരിൽനിന്നു 'വണ്ണാരപ്പാറ' മീൻപിടിത്തക്കാരിൽനിന്നു 'വലക്കരം' തുടങ്ങിയ നികുതികൾ ഈടാക്കിയിരുന്നു. കള്ളുചെത്തുന്ന കത്തിക്ക് 'കത്തി' എന്ന നികുതിയും ചാരായം വാറ്റുന്ന ചട്ടിക്ക് 'ചട്ടി'എന്ന നികുതിയും കൊടുക്കണമായിരുന്നു. ആഭരണം ധരിക്കാൻ 'മേനിപ്പൊന്ന്' അഥവാ 'അടിയറ' എന്ന നികുതി കൊടുക്കണം.

1818 മേടം 19 -ാം തീയതി വരെ തിരുവിതാംകൂറിലെ നായന്മാർക്ക് സ്വർണാഭരണം ധരിക്കണമെങ്കിൽ നികുതി കൊടുക്കണമായിരുന്നു. വീട് മേയാനും കല്യാണത്തിനു പന്തലിടാനും 'രാജഭോഗം' നൽകണം. മോതിരമിടാനും തലയിൽ ഉറുമാൽ കെട്ടാനും രാജാവിന് 'കാഴ്ച' സമർപ്പിക്കണം. കല്യാണം കഴിക്കാനും നികുതിയുണ്ടായിരുന്നു. 'പൊലിപ്പൊന്ന്' എന്നായിരുന്നു പേര്. അനന്തരാവകാശികൾ മരണപ്പെട്ടാൽ നൽകേണ്ട നികുതിയാണ് 'പുരുഷാന്തരം.' രാജകുടുംബത്തിലെ വിവാഹത്തിന് കുടിയാന്മാർ നല്കേണ്ടതാണ് 'കാഴ്ച'. അവകാശികളില്ലാത്തവരുടെ സ്വത്തുക്കൾ രാജാവ് ഏറ്റെടുക്കുമ്പോൾ അതിന് 'അറ്റാലകം'. കുടുംബം അന്യംനിന്നു പോവാതിരിക്കാൻ ദത്തെടുത്താലും രാജാവിന് ദത്തുകാഴ്ച നൽകണമായിരുന്നു.

ജനങ്ങളിൽ നിന്ന് ഇങ്ങനെ കിരാതമായി ഊറ്റിയെടുത്ത പണത്തിലൊരു ഭാഗം കൊണ്ട് രാജാക്കന്മാരും അവരുടെ ഉപദേശകരായ നമ്പൂതിരിമാരും സുഖലോലുപതയിൽ ആറാടി. മറ്റൊരു ഭാഗം കൊണ്ട് രാജാക്കന്മാർ മണ്ണിനും പെണ്ണിനും വേണ്ടി യുദ്ധങ്ങൾ നടത്തി. ഇതായിരുന്നു മനുഷ്യാവയവങ്ങൾക്കു വരെ നികുതിയേർപ്പെടുത്തിയ അന്നത്തെ തിരുവിതാംകൂറിന്റെ വിശേഷങ്ങൾ.


# നിശ്ചേതനം





**ജോർജ് വൻനിലം**

"കുത്തിക്കുറിച്ചുകൊണ്ടിങ്ങിരുന്നാ-
ലത്താഴമൂണിനിന്നെന്തു ചെയ്യും"?
ഹൃത്തിൽ തറയ്ക്കുന്നാമൂർച്ചയുള്ളോ-
രിത്തരം ചോദ്യശരങ്ങളില്ല.
എന്നിട്ടുമെന്തേയെന്നന്തരംഗം
ഒന്നുമേയില്ലാത്ത ശൂന്യപത്രം?
പിന്നിട്ട നാളുകളേറെയെന്നി-
ട്ടെന്നിൽ പ്രതിദ്ധ്വനിയൊന്നുമില്ല
ചുറ്റും നടക്കുന്നു ഭീകരത്വം
മുറ്റും നിറയുന്നൊരക്രമങ്ങൾ!
ഏറ്റം നടുക്കുന്ന വാർത്തയെന്നാൽ
ഒട്ടും തപിക്കുന്നില്ലെൻ ഹൃദയം!
സുനാമി വന്നു, ഉറഞ്ഞുതുള്ളി
നോക്കിനില്ക്കെ പലരറ്റുപോയി
'കത്രീന' വന്നു, പുറകെ 'റീത്ത'
എത്രയോ മാനുഷർ വീണടിഞ്ഞു!
മർത്യൻ മനുഷ്യനെ പുല്ലുപോലെ
കൊത്തിയരിയുന്ന കാലമല്ലോ!
ഇത്തരം കാടത്തം മുറ്റിനില്ക്കേ
വാർത്തയേയല്ലല്ലോ മറ്റുള്ളവ!
'ചത്തുകൊന്നീടുവാൻ' തത്പരരാ-
യെത്തുന്ന കാട്ടാളരേറെയല്ലോ!
എത്ര കണ്ടിട്ടും പ്രതികരിക്കാൻ
'കുത്തിക്കുറിപ്പോർ' മടിപ്പതെന്തേ?
എന്തുകണ്ടാലും ശ്രവിച്ചീടിലും
ചിന്തയിലൊട്ടുമതേശുന്നില്ലേ?
ഹന്ത! കഥയിതു, ലോകമതി-
ന്നന്ത്യത്തിലേക്കായടുത്തിടുന്നോ?








# നേതൃ വീഥിയിലൂടെ ഒരു തിരനോട്ടം

വിനോദ് കൊണ്ടൂർ ഡേവിഡ്

അന്നൊരു ഞായറാഴ്ച്ച ആയിരുന്നു.

ഡിട്രോയിറ്റ് മലയാളി അസ്സോസിയേഷനെ മുൻപ് നയിച്ച നേതാക്കളെ പുതു തലമുറയ്ക്ക് പരിചയപ്പെടുവാനും, അവരുമായിട്ട് കുറച്ചു നല്ല സമയം ചിലവിടുന്നതിനുമായി ഞങ്ങൾ സ്നേഹത്തോടെ കുറുപ്പേട്ടൻ എന്നു വിളിക്കുന്ന സുദർശന കുറുപ്പിന്റെ നേതൃത്വത്തിൽ ഗ്രാന്റ് റാപ്പിഡ്സിലുള്ള (ഡിട്രോയിറ്റിൽ നിന്നും ഏകദേശം 3 മണിക്കൂർ റോഡ് മാർഗം യാത്ര) ശ്രീ. ടി. എസ്. വർഗ്ഗീസ്, ശ്രീമതി പൊന്നമ്മ വർഗീസ് ദമ്പതികളെ സന്ദർശിക്കുവാൻ തീരുമാനിച്ചു.

**യാത്ര**

ഉച്ചകഴിഞ്ഞ് ഒന്നരയ്ക്ക് ഫാർമിംഗ്ടൺ ഹിൽസിൽ ഡിട്രോയിറ്റ് മലയാളി അസ്സോസിയേഷൻ (ഡി.എം.എ) നേതാക്കൾ ഒത്തു കൂടി. ഡി. എം. എ. ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ മാത്യൂസ് ചെരുവിൽ, ഡി.എം.എ. പ്രസിഡന്റ് സൈജൻ ജോസഫ്, ഔട്ട് റീച്ച് പ്രോഗ്രാം കോ ഓർഡിനേറ്റർ സുദർശന കുറുപ്പ്, പിന്നെ ഈ എളിയ എഴുത്തുകാരനും. തെളിഞ്ഞു പ്രകാശിക്കുന്ന സൂര്യനും, നീലാകാശവും, പച്ച പരവതാനി വിരിച്ച ഭൂമിയും, യാത്രയുടെ ആലസ്യം കുറച്ചു.

**നേതൃസംഗമം**

ശ്രീമതി. പൊന്നമ്മയ്ക്ക് ഒരു സർജറി കഴിഞ്ഞിരുന്നതിനാൽ, ഒരു റീഹാബ് സെന്ററിലായിരുന്നു അന്നവർ. ഡി.എം.എയ്ക്ക് വേണ്ടി അവർ രണ്ടു പേർക്കും വശ്യതയേറിയ നീലയും വെള്ളയും നിറങ്ങളിലുള്ള പൂച്ചെണ്ടുകൾ നൽകിയപ്പോൾ ഉള്ളു നിറഞ്ഞ അവരുടെ സന്തോഷം ഒരു പക്ഷെ ആ പൂക്കളെക്കാളിലും പതിന്മടങ്ങ് ഭംഗിയുള്ളതായിരുന്നു.

പിന്നീടുള്ള ഒരു രണ്ടു മണിക്കൂർ, എന്നെ പോലെയുള്ള ഡി.എം.എ യുടെ പുതുതലമുറയ്ക്ക് അറിഞ്ഞു കൂടാത്ത ഏടുകളിലേക്ക് ഒളി വീശുന്നതായിരുന്നു. ശ്രീ. ടി. സാമുവേൽ വർഗീസ്, ഡി.എം.എ യുടെ 1995ലെ പ്രസിഡന്റും, ശ്രീമതി. പൊന്നമ്മ വർഗീസ് 1998ലെ പ്രസിഡന്റും ആയിരുന്നു എന്നറിഞ്ഞപ്പോൾ, എത്ര വർഷത്തെ പാരമ്പര്യമാണ് അവർക്ക് ഡി.എം.എ യുമായുള്ളതെന്ന് അറിഞ്ഞപ്പോൾ, ഇങ്ങനെ ഒരു ആശയം കൊണ്ടു വന്ന കുറുപ്പേട്ടനോട് ബഹുമാനം തോന്നി. ഇന്നത്തെ ഞങ്ങളുടെ ഡി.എം.എ യുടെ തലതൊട്ടപ്പന്മാരായ മാത്യൂസ് ചെരുവിലും, തോമസ് കർത്തനാളും, ജോർജു വന്നിലവും, എൻ. ജി. മാത്യൂവും, ജോസഫ് മാത്യൂവും (അപ്പച്ചൻ) ഒക്കെ അന്ന് ചുറു ചുറുക്കുള്ള ചെറുപ്പക്കാർ.

അന്ന് അവരൊന്നിച്ചു കെട്ടിപ്പടുത്ത ഡി.എം.എ യുടെ ഉയർച്ചയുടെ വഴികളിലെ സംഭവവികാസങ്ങളെ കുറിച്ചും, അന്നു നടന്ന തമാശകളെ കുറിച്ചും അവർ വാചാലരായി. അക്കൂട്ടത്തിൽ ശ്രീമതി പൊന്നമ്മയുടെ സഹോദരന്റെ മക്കൾ ഫ്ളോറിഡയിൽ നിന്നും വന്നു ഡി.എം.എ യിൽ നൃത്തവും ഒപ്പനയും ഒക്കെ അവതരിപ്പിച്ചിരുന്നു എന്നു പറഞ്ഞപ്പോൾ, അവരെക്കുറിച്ച് അറിയാനുള്ള ആകാംഷ എന്നിലുളവായി. അവരുടെ പേരു ജൂണാ എന്നാണെന്നും, വിവാഹം ചെയ്തിരിക്കുന്നത് ബിജു തോണിക്കടവിൽ ആണെന്നും പറഞ്ഞപ്പോൾ അത്ഭുതം തോന്നി, കാരണം കേരള അസ്സോസിയേഷൻ ഓഫ് പാം ബീച്ചിന്റെ പ്രിസിഡന്റാണ് ശ്രീ. ബിജു. ഫോമയുമായി ബന്ധപ്പെട്ട് ഇവരുമൊക്കെയായി എത്രയോ പ്രാവശ്യം സംസാരിച്ചിരിക്കുന്നു, അടുത്തിടപഴകിയിരിക്കുന്നു. പക്ഷെ ഇങ്ങനെയൊരു 'ഡിട്രോയിറ്റ് കണക്ഷൻ' സ്വപ്നത്തിൽ പോലും ചിന്തിച്ചിരുന്നില്ല. 'ഈ ലോകം ചെറുതാണ്, നമ്മളെല്ലാം ബന്ധുക്കളാണ്' എന്നാരോ പറഞ്ഞത് എത്ര ശരിയാണ്. ശ്രീ. വർഗ്ഗീസും, ശ്രീമതി പൊന്നമ്മയും എടുത്തു പറഞ്ഞ മറ്റൊരു കാര്യമുണ്ടായിരുന്നു, ഡി.എം.എ. വളരെ നല്ല ശക്തമായ സ്നേഹബന്ധത്തിൽ ഉടലെത്ത ഒരു സംഘടനയാണ്. ഈ സ്നേഹമാണ് അന്നും ഇന്നും ഈ സംഘടനയെ നയിക്കുന്നത്. ഡി.എം.എ. പ്രസിഡന്റ് സൈജൻ ജോസഫ് ഇപ്പോഴത്തെ സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചു.

അക്കാലത്ത് ഡി.എം.എ യുടെ ഒരു പരിപാടിക്ക് ശ്രീമതി പൊന്നമ്മ ഒരു പരിപാടി അവതരിപ്പിച്ചിരുന്നു. അന്നത്തെ ചെറുപ്പക്കാരുടെ മീശയെക്കുറിച്ചു ഒരു അവലോകനം ഹാസ്യ

*ശേഷം പേജ് 27*





# spillane&reynolds orthodontics

CREATING AMAZING SMILES

**Share your Amazing Smile with the World.**


#AmazingSmile @SpillaneReynoldsOrtho

**Dr. Lawrence Spillane** DDS, MS
**Dr. James Reynolds** DDS, MS, ABO
**Dr. Andrea Dopp** DDS, MSD

**NOVI:**
45500 Ten Mile Rd.
Novi, MI 48374
248.344.8400

**ROCHESTER:**
1202 Walton Blvd / Suite 200
Rochester Hills, MI 48307
248.651.8860

{Complimentary Consultations}
**www.MyAmazingSmile.com**








# ശാസ്ത്രമോ മതമോ

ജിതിൻ ഗീരീഷ്

"ശാസ്ത്രം ഇന്നു പറയുന്നതല്ല നാളെ പറയുക... ഒരു കൺസിസ്റ്റൻസിയും ഇല്ല... ഇന്നലെ പറഞ്ഞത് തെറ്റായിരുന്നു എന്ന് ഇന്ന് പറയും, അതും തെറ്റായിരുന്നു എന്ന് നാളെ കണ്ടു പിടിക്കും... ഇങ്ങനെ ഒന്നിനും ഉറപ്പില്ലാത്ത ശാസ്ത്രത്തെ എങ്ങനെ വിശ്വസിക്കും?"

ശാസ്ത്രത്തെക്കുറിച്ച് വിശ്വാസിയുടെ സ്ഥിരം പരാതിയാണ് മുകളിൽ കാണുന്നത്. വായിക്കുമ്പോൾ നിങ്ങൾക്കും അത് ശരിയാണ് എന്ന് തോന്നിയേക്കാം... എന്നാൽ ഒരു സത്യം പറയട്ടേ? അത് ശരി തന്നെയാണ്! ...

ശാസ്ത്രം ഇന്ന് പറയുന്നതാവില്ല നാളെ പറയുന്നത്... അത് ശാസ്ത്രത്തിന്റെ പരിമിതിയും അതേ സമയം ഗുണവുമാണ്...

കാരണം ശാസ്ത്രത്തിന്റെ വളർച്ചയുടെ പ്രധാന കാരണം ഈ സ്ഥിരതയില്ലായ്മയാണ്... ചോദ്യം ചെയ്യപ്പെടാനും തിരുത്താനും കഴിയാത്ത യാതൊന്നും ശാസ്ത്രത്തിൽ ഇല്ല... മനുഷ്യൻ ഉണ്ടായത് കടുവയിൽ നിന്നാണ് എന്ന് ശാസ്ത്രത്തെ കൊണ്ട് നിങ്ങൾക്ക് പറയിക്കാം... തെളിവു സഹിതം വിവരിക്കുക, ചില ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം കൊടുക്കുക, തെളിവുകൾക്ക് റിപ്പീറ്റബിലിറ്റി ഉണ്ടായിരിക്കുക. ഇത്രേം ഉണ്ടായാൽ മതി.

ശാസ്ത്രം ഇന്നലെ പറഞ്ഞത് ഇന്ന് മാറ്റിപ്പറയും, പക്ഷേ അതു കൊണ്ട് ഇന്നലെ പറഞ്ഞത് ഇല്ലാതാവില്ല... ഉദാ: ടെലിഫോൺ എന്ന യന്ത്രം കണ്ടു പിടിച്ചിട്ട് ശാസ്ത്രം പറഞ്ഞു ഒരിടത്ത് ഇരുന്ന് സംസാരിക്കാനുള്ള ഉപകരണമാണ് ഇതെന്ന്. 1978 ൽ മാർട്ടിൻ കൂപ്പർ എന്ന എഞ്ചിനീയർ വഴി ശാസ്ത്രം പറഞ്ഞു ഫോൺ കയ്യിൽ കൊണ്ടു നടന്നു വിളിക്കാം എന്ന്... പിന്നെ പറഞ്ഞു വിളിക്കാൻ മാത്രമല്ല, അതു കൊണ്ട് മെസേജും അയക്കാം എന്ന്... ഇന്ന് പറയുന്നു വീഡിയോ കോൾ വരെ ചെയ്യാം എന്ന്... ഇങ്ങനെ മാറ്റി മാറ്റി പറയുന്ന ശാസ്ത്രത്തെ എങ്ങനെ വിശ്വസിക്കും അല്ലേ??? മാറ്റി പറഞ്ഞപ്പോഴൊക്കെ ശാസ്ത്രം വളരുകയായിരുന്നു. ആദ്യം പറഞ്ഞ കാര്യം മാറ്റി പറഞ്ഞത് കൊണ്ട് ആർക്കും നഷ്ടമുണ്ടായിട്ടില്ല... അന്നത്തെ സൗകര്യം അവർ ഉപയോഗിക്കാതിരുന്നിട്ടുമില്ല! ശാസ്ത്രത്തിന്റെ തിരുത്തലുകൾ എന്നും ശരിയിൽ നിന്ന് കൂടുതൽ ശരിയിലേക്കാണ്... അല്ലെങ്കിൽ ചെറിയ അറിവിൽ നിന്ന് കുറച്ചു കൂടി വലിയ അറിവിലേക്ക്... അവിടെ ഒരു വ്യക്തിക്കോ പ്രസ്ഥാനത്തിനോ പ്രാധാന്യമില്ല... നാളെ ഐൻസ്റ്റീൻ പറഞ്ഞതിലെ തെറ്റ് ഒരാൾ ചൂണ്ടിക്കാണിച്ചാൽ അതാണോ കൂടുതൽ ശരി എന്ന് ശാസ്ത്രം പരിശോധിച്ചിരിക്കും...

